**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2884** **07-10-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ കരുളായി പഞ്ചായത്തിലെ ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആര്യാടൻ ഷൗക്കത്ത്** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ബഹു. ഹൈക്കോടതി വിധി ലഭ്യമാക്കിയിട്ടും ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി തീരുമാനമെടുത്തതിനുശേഷവും നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരുളായി പഞ്ചായത്തിലെ പുലിമുണ്ടയിൽ 43 ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിനായി കൈവശാവകാശ രേഖ നൽകാത്തതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ഉണ്ട്. ബഹു. ഹൈക്കോടതി വിധിപ്രകാരം മലപ്പുറം ജില്ലയിലെ പുലിമുണ്ട-മുണ്ടക്കടവ് ഉന്നതിയിലെ 53 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമം, 2006 പ്രകാരം കരുളായി ഗ്രാമപഞ്ചായത്തിലെ ചേമ്പുംകൊല്ലിയിൽ വ്യക്തിഗത വനാവകാശം അനുവദിച്ചിരുന്നു. ആയതിൽ 45 ഗുണഭോക്താക്കളുടെ കൈവശാവകാശ രേഖ നിലമ്പൂർ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ തയ്യാറാക്കി നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മേലൊപ്പ് ലഭ്യമാക്കുന്നതിന് കൈമാറി. ആയതിൽ 18 ഗുണഭോക്താക്കളുടെ കൈവശാവകാശരേഖ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മേലൊപ്പ് വെച്ച് ലഭ്യമാക്കി. 27 പേരുടെ കൈവശാവകാശ രേഖ നിയമപ്രശ്നങ്ങൾ നിലനിൽക്കുന്നതിനാലും 8 പേരുടെ കൈവശാവകാശ രേഖ തയ്യാറാക്കുന്നതിന് വ്യക്തിഗത വിവരങ്ങൾ ലഭിക്കാത്തതിനാലും പൂർത്തിയാക്കാനായിട്ടില്ല.** |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത കൈവശാവകാശ രേഖ നല്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ? | (ബി) | **ഉണ്ട്. ബഹു. ഹൈക്കോടതി വിധിപ്രകാരം മലപ്പുറം ജില്ലയിലെ പുലിമുണ്ട-മുണ്ടക്കടവ് ഉന്നതിയിലെ 53 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമം, 2006 പ്രകാരം കരുളായി ഗ്രാമപഞ്ചായത്തിലെ ചേമ്പുംകൊല്ലിയിൽ വ്യക്തിഗത വനാവകാശം അനുവദിച്ചിരുന്നു. ആയതിൽ 45 ഗുണഭോക്താക്കളുടെ കൈവശാവകാശ രേഖ നിലമ്പൂർ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ തയ്യാറാക്കി നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മേലൊപ്പ് ലഭ്യമാക്കുന്നതിന് കൈമാറി. ആയതിൽ 18 ഗുണഭോക്താക്കളുടെ കൈവശാവകാശരേഖ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മേലൊപ്പ് വെച്ച് ലഭ്യമാക്കി. 27 പേരുടെ കൈവശാവകാശ രേഖ** |

| | | | |
|---|---|---|---|
| | | | **നിയമപ്രശ്നങ്ങൾ നിലനിൽക്കുന്നതിനാലും 8 പേരുടെ കൈവശാവകാശ രേഖ തയ്യാറാക്കുന്നതിന് വ്യക്തിഗത വിവരങ്ങൾ ലഭിക്കാത്തതിനാലും പൂർത്തിയാക്കാനായിട്ടില്ല.** |

സെക്ഷൻ ഓഫീസർ